

# കുട്ടിക്കൂട്ടം



**RAHMANIYA HIGHER SECONDARY SCHOOL AYANCHERI**



## ഹെഡ്മാസ്റ്റർ സന്ദേശം

വിജ്ഞാനം വിരൽത്തുമ്പിൽ എത്തി നിൽക്കുന്ന പുതിയകാലഘട്ടത്തിൽ വിവരവിനിമയ സാങ്കേതിക വിദ്യയിൽ കുട്ടികളെ പ്രാവീണ്യമുള്ളവരാക്കുന്നതിനും, അതുവഴി ഹൈടെക് ക്ലാസ് മുറികളിൽ പഠന പ്രവർത്തനങ്ങൾ എളുപ്പമാക്കി തിരിച്ചറിവിലേക്ക് കുട്ടികളെ നയിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ റഹ്മാനിയ ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

അസീസ് അക്കാളി



## സന്ദേശം

**വി**വരസാങ്കേതിക വിദ്യ അനുദിനം മുന്നേറികൊണ്ടിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ കുട്ടികളും അതിനൊപ്പം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഇതിനായി IT MISSION ഒരുക്കിയിരിക്കുന്ന കമ്പ്യൂട്ടർ പഠന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. അറിവിന്റെ ലോകം വിരൽത്തുമ്പിൽ സായത്തമാക്കാൻ ശ്രമിക്കുന്ന R.H.S.S ലെ കുട്ടിപട്ടത്തിന്റെ സംരംഭമായ ഇ – മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നതിനൊപ്പം ഇതിന്റെ സാരഥികളായ അധ്യാപകർക്കും എല്ലാവിധ അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

സരിത
M.PTA പ്രസിഡണ്ട്



## മുഖമൊഴി

വായനയുടെ ലോകം വളരെയധികം മാറുകയാണ്. പഠനപാഠ്യേതര വസ്തുക്കൾ ഡിജിറ്റലായി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയായാറിക്കിയ മാഗസിനാണ് കുട്ടിക്കൂട്ടം. ഈ എളിയ സംരംഭം വായനക്കാർക്ക് സമർപ്പിക്കുന്നു.

അസീസ് കുരാച്ചുണ്ട്
കൈറ്റ്മാസ്റ്റർ

# EDITORIAL BOARD


**EDITOR :**

**ABDUL AZIS P K**
**SURAJA V P**
**MINHA SHERIN IX.C**

**CHIEF EDITOR :**

**GAUTHAM KRISHNA .N -IX.C**

**MEMBERS**

**MAYA .KK .IX.B**
**SHIDUL KRISHNA.V.IX.C**
**ADITHYA .PK .IX C**
**RAMEES .K.IX C**




# ഉള്ളടക്കം

ലിറ്റിൽ കെറ്റ്സ് ഒരു എത്തിനോട്ടം..........................................06
പ്രതാപങ്ങളുടെ നിറവിൽ ഒരു പ്രദേശം ....................................07
പഠിക്കാതെ പഠിക്കാം ധ്യാനാത്മകമായി .................................09
ഓർമ്മകളിലൂടെ ...........................................................................12
കമ്പ്യൂട്ടറും ഇന്നത്തെ ലോകവും ................................................ .13
ബാല്യകാലം ...................................................................................14
ക്ലാസ് ലൈബ്രറി ..........................................................................15
I LIKE ...........................................................................................16
ഭംഗിയുള്ള പനിനീർ .....................................................................17
പത്താം ക്ലാസ് ഒരു വേദനിപ്പിക്കുന്ന സുഖം ...............................18
കൂട്ട് ..............................................................................................19
ളുലികാമാനങ്ങൾ ..........................................................................20
ഭക്ഷണം തേടി നടന്നവർ ............................................................21
കല്ലുമാല സമരം ...........................................................................22
ഗാന്ധിവചനങ്ങൾ ..........................................................................23
GOD YOU ARE SO GREAT ..........................................................24



## ലിറ്റിൽ കൈറ്റ്സ്
## ഒരു എത്തിനോട്ടം

**വി**വര വിനിമയ സാങ്കേതിക വിദ്യയ്ക്ക് അനുദിനം പ്രാതിനിധ്യം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള ഒരു ഇടപെടൽ ഈ മേഖലയിൽ ചെയ്യാത്ത ആരും തന്നെയുണ്ടാവില്ല. അതിനാൽ ഈ മേഖലയെക്കുറിച്ച് നന്നായി അറിയേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ചും വിദ്യാർത്ഥികൾ, ഗെയിം പ്രോഗ്രാമിംങ് മുതൽ വെബ്സൈറ്റ് രൂപീകരണം വരെ ധാരാളം സാധ്യതകൾ ഈ രംഗത്തുണ്ട്. വിവരവിനിമയ സാങ്കേതിക രംഗത്തെ ചതിക്കുഴികൾ തിരിച്ചറിഞ്ഞുകൊണ്ട് ഈ മേഖലയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാറിന്റെ കീഴിലുള്ള ഐ.ടി. @ സ്കൂൾ രൂപീകരിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. കേരള സംസ്ഥാനത്തിലുടനീളമുള്ള ഹൈസ്കൂളുകളിൽ ഈ പദ്ധതി പ്രകാരമുള്ള ഐ.ടി. ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഭാവിയിൽ കൂടുതൽ കുരുന്നുകളെ ഈ പദ്ധതിയിലൂടെ വൈദഗ്ധ്യം നേടിയവരാക്കി മാറ്റാൻ കഴിയും. അത് കേരളീയ സമൂഹത്തിൽ തന്നെ മാറ്റങ്ങൾ ഉണ്ടാക്കാൻ കാരണമായേക്കാം.


അനുഗ്രഹ്.കെ

$X^{Th}$– D



# പ്രതാപങ്ങളുടെ നിറവിൽ ഒരു പ്രദേശം

പച്ചവിരിച്ച വയലോലങ്ങളും കാറ്റിൽ ഇളകിയാടുന്ന സസ്യലതാദികളും തെങ്ങിൻതലപ്പുകളും ചേർന്നൊരുക്കിയ പ്രകൃതി രമണീയതയിൽ ആസ്വാദകരെ കുളിരണിയിപ്പിക്കുന്ന തറോപ്പൊയിൽ പ്രദേശം.നിരവധി തുരുത്തുകളാൽ ചുറ്റപ്പെട്ട പ്രദേശമാണ് തുരുത്തി, പുലതുരുത്തി, ഇലതുരുത്തി, അരതുരുത്തി, കോതുരുത്തി ഇവയിൽ വിരുന്നെത്തുന്ന ദേശാടനപക്ഷികൾ പ്രകൃതി സ്നേഹികളുടെ മനംകവരുന്ന കാഴ്ചയാണ്.

1942-ൽ മുസ്ലിം ഗേൾസ് എൽ.പി സ്കൂൾ ആയിട്ടാണ് ഈ സ്ഥാപനത്തിന്റെ തുടക്കം.പിന്നീട് ആയഞ്ചേരി സൗത്ത്മാപ്പിള യു.പി സ്കൂളായി ഉയർത്തപ്പെട്ടു. റഹ്മാനിയ ഹൈസ്കൂളായി ഉയർത്തപ്പെടുന്നത് 1968-ൽ ആണ്. 2014-ൽ ആഞ്ചേരി റഹ്മാനിയ ഹയർ സെക്കന്ററി സ്കൂളായി മാറിക്കഴിഞ്ഞു.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ് തന്നെ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ നിന്ന് വിജ്ഞാനത്തിന്റെ കൈത്തിരിയുമായി പുറത്തുപോയവർ നിരവധിയാണ്.സമീപപഞ്ചായത്തു



കളിലുള്ളവർ കൂടി വിദ്യ നേടുവാൻ ദീർഘ കാലമായിആശ്രയിച്ച് പോകുന്നത് ഈ സ്ഥാപനത്തെയാണ്. രാജ്യത്തിനകത്തും പുറത്തും വിവിധ തുറകളിൽ പ്രവർത്തിക്കു ന്ന പ്രഗത്ഭരായ അനേകം വ്യക്തിത്വങ്ങൾ ഈ സ്ഥാപനത്തിന്റെ സന്തതികളാണ്

2014-ൽ തുടക്കം കുറിച്ച ഹയർ സെക്കന്ററിയിൽ കമ്പ്യൂട്ടർ സയൻസ്,ഹ്യുമാനിറ്റീസ് എന്നി ഗ്രൂപ്പുകളാണ് അനുവദിച്ച്കിട്ടിയിട്ടുള്ളത്. സയൻസ് ഗ്രൂപ്പിൽ കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ്, കെമിസ്ട്രി, മാത്സ് കോമ്പിനേഷനും ഹ്യുമാറ്റീസ് ഗ്രൂപ്പിൽ സോഷ്യോളജി, ജേർണലിസം,കമ്പ്യൂട്ടർ അപ്ലിക്കേഷൻ,കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നിവയുടെ കോമ്പിനേഷനുമാണ് നിലവിലുള്ളത്.പൗര പ്രമുഖനായ കാര്യാട്ട് കുഞ്ഞമ്മദ് ഹാജിയുടെ കഴിവുറ്റമാനേജ്മെന്റിന് കീഴിൽ സുസജ്ജമായ പി.ടി.എ.യുടെയും കർമ്മോത്സുകരായ അധ്യാപകരുടെയും അനധ്യാപക ജീവനക്കാരുടെയും അച്ചടക്കബോധത്തോടെ തന്റെ വ്യക്തിത്വ വികസനത്തിൽ ശ്രദ്ധപതിപ്പിച്ച പഠിതാക്കളുടെയും കൂട്ടായ്മയിലൂടെ ഈ സ്ഥാപനം പുരോഗതിയിലേക്ക് കുതിക്കുകയാണ്.

വിവിധ കാലയളവുകളിൽ പ്രധാനാധ്യാപകനായിരുന്ന പി.പി. അബ്ദുറഹിമാൻ മാസ്റ്റർ,സി.കെ. അബ്ദുല്ലമാസ്റ്റർ, പി.മൂസ്സമാസ്റ്റർ,ടി.കുഞ്ഞമ്മദ് മാസ്റ്റർ,വി.കെ.അബ്ദുൽ ഖാദർ മാസ്റ്റർ, കെ.ബാലകൃഷ്ണൻ മാസ്റ്റർ, കെ രാജൻമാസ്റ്റർ, വിപി.ശ്രീധരൻമാസ്റ്റർ പികുഞ്ഞമ്മദ് മാസ്റ്റർ , ടി.കെ കുഞ്ഞബ്ദുള്ള മാസ്റ്റർ,ടി.കുഞ്ഞമ്മദ്മാസ്റ്റർ,ടി.കെ.കുഞ്ഞബ്ദുള്ളമാസ്റ്റർ,ഒ.പി.ചന്ദ്രൻ മാസ്റ്റർ,കെ.ടി.പത്മനാഭൻ മാസ്റ്റർ,എന്നിവർ നേതൃത്വംകൊടുത്ത ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ അക്കാളി അസീസ് മാസ്റ്ററാണ്.






# പഠിക്കാതെ പഠിക്കാം ധ്യാനാത്മകമായി !...

~ സതിഷ് കെ ചേരാപുരം ~

പഠനമെന്ന പേരിൽ ഇന്ന് നിലവിലുള്ള സമ്പ്രദായവും ധ്യാനവുമായി പ്രത്യക്ഷത്തിൽ ബന്ധമൊന്നുമില്ല മാത്രമല്ല പഠിച്ചെടുത്ത എല്ലാറ്റിനേയും നിഷ്പ്രഭമാക്കി കളയുന്ന കലയാണ് ധ്യാനം എങ്കിലും ഒരു ധ്യാനി പഠനത്തെ എങ്ങനെ കാണുന്നു എന്നത് ഒരു പഠനവിഷയം തന്നെയാണ്. ധ്യാന മാർഗത്തിലെ പഠനം ജീവിതത്തെ പുറത്തു നിന്നും വിവരങ്ങൾ ശേഖരിച്ച് അറിയുന്നതിന് പകരം അകത്ത് നിന്നും ആഴത്തിൽ അറിഞ്ഞനുഭവിക്കലാണ് . താൻ തന്നെ പറ്റി ഒന്നും അറിയുന്നില്ല എന്ന അറിവ് പോലെ തന്നെ തനിക്ക് പലതും അറിയാം ധാരണയുടെ പരിമിതികളെ ഉൾക്കൊള്ളലും അവിടെ യഥാർത്ഥമായ അന്വേഷണാത്മക പഠനമാവുന്നു . അഹന്തയെ കൈവിട്ട് അത്യന്തസന്നദ്ധമായി ഒരാൾ നടത്തുന്ന ആത്മയാത്രയാണത് നിർബന്ധിച്ചോ ബലം പ്രയോഗിച്ചോ അങ്ങനെയൊരു പ്രയാണം ആർക്കും സാധ്യമാവില്ല. ശിഷ്യൻ തയ്യാറാവുമ്പോൾ, ഗുരു സന്നിഹിതനാവും എന്ന പോലെ തന്നിലെ വഴികാട്ടിയെ സംഭവിക്കാൻ അനുവദിക്കുമ്പോൾ പുതിയ തിരിച്ചറിവുകളും ആവിർഭവിക്കുന്നു. പലപ്പോഴും ആദ്യചുവടുകൾ വയ്ച്ച് കൊണ്ട് തന്നെ വീണ്ടും വീണ്ടും ആ യാത്ര തുടങ്ങേണ്ടി വരും....

സുഖകരവും ദു:ഖകരവുമായ അനുഭവങ്ങളുള്ളതാണ് ജീവിതം. ഇതിൽ പഠനത്തെ ആഹ്ലാദകരമായി കാണുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ധ്യാനത്തിന്റെ ചില സാധ്യതകളെ ആ വ്യക്തി അറിയാതെ പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന് പറയാം. ധ്യാനത്തിലേക്കുള്ള ആ ആളിന്റെ വഴി കൂടുതൽ തുറന്ന കിടക്കുകയാണ്. കാരണം തന്റെ സത്തയുടെ എല്ലാ സാധ്യതകളേയും ഉപയോഗിച്ച് കൊണ്ട് , ആസ്വദിച്ച് കൊണ്ട് ഒരാൾക്ക്



പഠനത്തിലൂടെ പോകാൻ കഴിയുമ്പോൾ ഏത് പഠനത്തിന്റേയും ഗഹനമാർഗങ്ങളെ നന്നായി പരിചയപ്പെടാനും ഇതൊന്നുമല്ല താനെന്ന ബോധ്യത്തിലേക്ക് കടന്ന് ചെല്ലാനും ശ്രമിച്ചാൽ കഴിയും. അങ്ങനെയൊരു ബോധതലമുണ്ടെന്ന് കാട്ടി കൊടുക്കാൻ പാകത്തിൽ എന്തെങ്കിലും സാധിച്ചാൽ അവിടെ ധ്യാനം സംഭവിക്കുന്നു. വളരെ വേഗം ഇത്തരക്കാർക്ക് ധ്യാനാനുഭവത്തിന്റെ രുചിയറിയാനാവും. പക്ഷേ വളരെ പരിമിതമായ അത്തരമൊരു വിഭാഗത്തെക്കാൾ കൂടുതലുള്ളത് പഠനം വഴിമുട്ടിയ, നിർബന്ധിതമായി അതിന് വഴങ്ങി കൊടുക്കേണ്ടി വന്ന ഭൂരിപക്ഷമാണ് !...

ഏത് തരം പഠനമായാലും അത് ഒട്ടും ഇഷ്ട്ടമില്ലാത്ത, വർത്തമാന സാഹചര്യത്തിൽ അതിന് വിധിക്കപ്പെട്ട വ്യക്തികൾക്ക്, ഔപചാരികവിദ്യാഭ്യാസത്തിന്റെ മതസമ്പ്രദായത്തിന്റെ ഏതെങ്കിലും പ്രസ്ഥാനത്തിന്റെ ഭാഗമാകേണ്ടി വന്നവർക്ക്, ഇന്നത്തെ കുട്ടികൾക്ക്, അവരനുഭവിക്കുന്ന സംഘർഷങ്ങൾക്കും പ്രയാസങ്ങൾക്കും ആശ്വാസമേകാൻ ധ്യാനമാർഗത്തിൽ എന്ത് ചെയ്യാനാവും എന്നതാണ് ഇവിടെ ചിന്താവിഷയം. അതിന് ധ്യാനത്തിൽ എന്താണ് സംഭവിക്കുന്നത് എന്ന പ്രാഥമികമായി അറിയേണ്ടതുണ്ട്. കാര്യങ്ങളെ അതെന്തായാലും ഉള്ളത് പോലെ , മനസ്സിന്റെ ജനലുകൾക്കപ്പുറം നോക്കി കാണലാണ് ധ്യാനം. അപ്പോൾ തന്നിലെ പഠിതാവിനെ സംബന്ധിച്ച, അത് ഒരു കുട്ടിയാണെങ്കിൽ സ്കൂളിൽ വരുന്നതിനെ പറ്റിയുള്ളതടക്കം ഓരോ ഘട്ടത്തെ പറ്റിയും ശരിക്കുമുള്ള തന്റെ നിലപാടെന്താണെന്ന് അന്വേഷിക്കാനുള്ള അവസരമൊരുക്കുകയാണ് ആദ്യം വേണ്ടത്. എന്ത് കൊണ്ട് ഇത്തരമൊരവസ്ഥയിൽ തങ്ങൾ എത്തിപ്പെട്ടു, എന്താണ് ഇവിടെ തന്നിൽ പ്രവർത്തിക്കുന്നത് എന്നിങ്ങനേയുള്ള ചോദ്യങ്ങൾക്ക് ഓരോരുത്തരും ആദ്യം സ്വയം തനതായ ഉത്തരം കണ്ടെത്തേണ്ടി വരും...

നിലവിലുള്ള സാമൂഹിക, കുടുംബ സാഹചര്യമാണ് ഒരു കുട്ടിയുടെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ , മതപഠനത്തിന്റെ , എല്ലാതരം പഠനത്തിന്റേയും അടിസ്ഥാനം. അവർക്ക് തിരഞ്ഞെടുക്കാൻ വേറെ ഒരു ഓപ്ഷനില്ല. മാത്രമല്ല രക്ഷിതാക്കളും അദ്ധ്യാപകരും സമൂഹവും ഇങ്ങനെയൊരു സമ്പ്രദായം വളരെ മഹത്തരമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. കാരണം ഈ രീതിയിലൂടെ നന്നായി കടന്ന് പോകുന്നവർ ഉയർന്ന മാന്യതയും ജോലിയും ജീവിത സൗകര്യങ്ങളും നേടുന്നത് അവർ കാണുന്നുണ്ട്. പക്ഷേ ജീവിതത്തിന്റെ ഗുണമേൻമ നിർണ്ണയിക്കുന്നത് ആന്തരികമായി, അടിസ്ഥാനപരമായി ഒരാൾ എങ്ങനെ ജീവിതത്തെ അനുഭവിക്കുന്നു എന്ന് കൂടി പരിഗണിച്ച് കൊണ്ടാവണം എന്നുള്ളത് ആരും പരിഗണിക്കുന്നില്ല. ഔന്നത്യമെന്നാൽ അകത്തും പുറത്തും ഒരേ പോലെ ഉയർന്നു നിൽക്കുന്ന, മനുഷ്യസാധ്യതകളെ പരമാവധി ഉപയോഗിക്കാൻ പറ്റുന്ന അവസ്ഥയാണ്. അപ്പോൾ ബാഹ്യമായതിനൊപ്പം വ്യക്തി തന്റെ ആന്തരിക സത്തയിൽ കൂടി ദൃഷ്ട്ടിയുറപ്പിക്കുകയും അവിടെ കൂടുതൽ വലിയ ലോകത്തെ കണ്ടെത്തുകയും ചെയ്യുന്നു.

ക്ലാസ്സിൽ, പാഠപുസ്തകത്തിന് മുന്നിൽ ചെലവഴിക്കപ്പെടുന്ന സമയത്തെ അത് എത്ര വിരസമായാലും അതിനെ ഒരു സ്വീകരണ ഭാവത്തിൽ കാണാൻ പഠിക്കുക എന്നുള്ളത് ശ്രദ്ധിക്കേണ്ട കാര്യമാണ്. പഠിക്കാൻ തനിക്ക് ഇഷ്ട്ടമില്ല എന്നതാണ് സത്യമെങ്കിൽ അതിനെ അത് പോലെ ഉൾക്കൊള്ളുക. നിലവിലുള്ള സാഹചര്യത്തിൽ അങ്ങനെയൊരു കെണിയിൽ നിന്ന് രക്ഷപ്പെടാൻ തനിക്കാവില്ല എന്നറിഞ്ഞ് അതിന് വേണ്ടിയും സമയത്തിന്റെ, ജീവിതത്തിന്റെ ഒരു പങ്ക് ആഹ്ലാദത്തോടെ വിട്ടു കൊടുക്കുക. താൻ നന്നായി പഠിക്കുന്നവനാണ്, മോശക്കാരനാണ് എന്നിങ്ങനെയുള്ള കപടബോധത്തെ ഉപേക്ഷി

ക്കുക. നല്ലത്, ചീത്ത എന്ന വേർതിരിവില്ലാതെ വസ്തുതകളെ കാണാൻ സാധിക്കണം. അവിടെ അറ്റാച്ച്മെന്റൊ, ഡിറ്റാച്ച്മെന്റോ ഇല്ല. മനുഷ്യ സ്വഭാവം വച്ച് ഏതെങ്കിലും ഒരറ്റം സ്വീകരിക്കുന്ന പ്രകൃതം മാറ്റിയെടുത്തേ മതിയാവൂ. മധ്യമാർഗമാണ് അഭികാമ്യം. അങ്ങനെ പഠനവഴിയിൽ താൻ ചെയ്യേണ്ടത് കഴിയുന്നത്ര ബോധത്തോടെ നിർവ്വഹിക്കുക. അതിന്റെ ഫലം അനുയോജ്യമായ രീതിയിൽ വന്ന് കൊള്ളും...

പഠനത്തിൽ മുഴുകുക എന്ന ഒന്നില്ലേ എന്നൊരു ചോദ്യം ഇവിടെ പ്രസക്തമാണ്. ധ്യാനത്തെ സംബന്ധിച്ചിടത്തോളം ലയനം പാരമ്യത്തിലെത്തുമ്പോൾ, നർത്തകൻ നൃത്തത്തിലലിഞ്ഞ് ഇല്ലാതാവുന്ന പോലെ സാക്ഷികരണം സംഭവിച്ചേ മതിയാവൂ. നേരെ മറിച്ച് തന്റെ ശ്രദ്ധ എത്രത്തോളമുണ്ട് എന്ന കരുതലോടെ മുന്നോട്ടു പോവുന്ന രീതിയാണ് ഇവിടെ പരീക്ഷിക്കാൻ നല്ലത്! പിടി വിട്ടു പോവാതെ, തന്നെ നഷ്ട്ടപ്പെടാതെ, വിരസതയേയും സന്തോഷത്തേയും അറിഞ്ഞ് കൊണ്ട് നീങ്ങുക. ലക്ഷ്യം, ധാരണകൾ, വിലയിരുത്തലുകൾ ഒന്നുമില്ലാതെ, മാർഗത്തെ അതിന്റെ എല്ലാ വൈപരീത്യങ്ങളേയും നൻമതിൻമളേയും ഉൾക്കൊണ്ട് കൊണ്ട് സ്വീകരിച്ചാനയിച്ച് ആനന്ദിക്കുക അങ്ങനെയായാൽ പഠനം ഒരിക്കലും ഒരു ഭാരമാവില്ല ഇത് സാധ്യമായാൽ ജീവിതലാളിത്യത്തിന്റെ സൂത്രം തന്നെ ഒരാൾക്ക് കണ്ടെത്താനായി എന്ന് പറയാം...

എവിടെ തുടങ്ങുന്നു, ഏതൊക്കെ വഴിയിലൂടെ, എത്രമാത്രം ആഴത്തിൽ സഞ്ചരിക്കുന്നു , എന്തൊക്കെ ഉൾക്കൊള്ളുന്നു, എന്തൊക്കെ വിട്ടുപോയി, എവിടെ അവസാനിക്കുന്നു, ഓർമ്മയിൽ എന്തൊക്കെ ബാക്കിയുണ്ട്, അപ്പോൾ മനസ്സിലുണ്ടായ തോന്നലുകൾ, ശരീരത്തിനുണ്ടായ അസ്വസ്ഥതകൾ ഇങ്ങനെ ഓരോ ഘട്ടത്തിലും തന്റെ അവസ്ഥകളെ സൂക്ഷിച്ച് നോക്കുക ! താൻ ശ്രദ്ധിക്കുകയാണോ, സ്വപ്ന ലോകത്ത് മുഴുകുകയാണോ എന്നൊക്കെ അറിയാൻ ശ്രമിക്കുമ്പോൾ പഠനം ധ്യാനത്തിന്റെ മേഖലയെ സ്പർശിക്കുന്നു ! ഇങ്ങനെയൊരവസ്ഥ സൃഷ്ടിച്ചെടുക്കണമെങ്കിൽ ഇരിപ്പിലും നടപ്പിലും എന്തിന് ശ്വസനത്തിൽ പോലും കൂടുതൽ ശ്രദ്ധിക്കേണ്ടി വരും. എല്ലാതരം കപടഭാവങ്ങളും ഉപേക്ഷിക്കേണ്ടി വരും. പഠനഫലത്തെ പറ്റിയുള്ള എല്ലാ മുൻ ധാരണകളും മായ്ച്ച കളയേണ്ടി വരും. എന്ത് പഠിച്ചു എന്ന് അന്വേഷിക്കേണ്ട കാര്യമേയില്ല. മറിച്ച് താൻ എങ്ങനെയാണ് പാഠ്യവസ്തുവിലൂടെ കടന്നു പോയ്ക്കൊണ്ടിരിക്കുന്നത് എന്ന് മാത്രം നോക്കുക.

പഠനത്തിന്റെ അമിത പ്രാധാന്യം ജീവിതത്തിന്റെ ഗൗരവം വളരെയേറെ വലുതാക്കുന്നു. സത്യത്തിൽ എത് പഠനവും അതിജീവനത്തിനുള്ള വിചിത്രമായൊരു കളിയാണ്. സാമൂഹിക ജീവിതത്തെ സുഖകരമാക്കാൻ വേണ്ടി അതിനെ ഭംഗിയായി ഉപയോഗിക്കുന്നതിൽ തെറ്റുമില്ല. പക്ഷേ അത് കൊണ്ട് എല്ലാമായി എന്ന് കരുതി ഒരിക്കലും അറിവുകളുമായി തന്മയീഭവിച്ച് തീർപ്പിലെത്താതിരിക്കുക. ആ ഭാരമേറിയ തമാശയെ ആസ്വദിക്കുക. പഠനത്തിന്റെ മറുപുറത്തെ പറ്റിയുള്ള കരുതലുകളെ ജീവിതത്തിലുടനീളം കൈവിടാതിരിക്കുക. ഞാനെന്ന ഭാവത്തിന്റെ അടിസ്ഥാനം മായ്ച്ച കളയാൻ, ജീവിതത്തിന്റെ ഉള്ളിലേക്ക് കൂടുതൽ അടുത്ത് നിൽക്കാൻ, പഠനത്തെ സുഖകരമായ അനുഭവമാക്കി മാറ്റാൻ വേറെ ഉപായങ്ങളില്ല. ജീവിതത്തിന്റെ സകല ഉത്തരവാദിത്തവും തനിയെ ഏറ്റെടുക്കാൻ ഒരാളെ പ്രാപ്തനാക്കുന്ന, പഠിക്കാതെ പഠിക്കുന്ന സ്വയം പഠനത്തിലെ നല്ല പാഠം ഇനിയും നാം പഠിക്കേണ്ടിയിരിക്കുന്നു.

# ഓർമ്മകളിലൂടെ

ഇബ്രായിമാസ്റ്റർ നാങ്കോറോത്ത്

ഉണർന്ന് ഉമ്മറത്തെത്തിയാൽ എന്നും കാണുന്നത് ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കന്ററി സ്കൂളിന്റെ ബഹുനില കെട്ടിടങ്ങളാണ്. ഈ വിദ്യാലയവുമായുള്ള എന്റെ ബന്ധം അവസാനിക്കുന്നില്ല . ഞാൻ പഠിച്ചതും ഈ വിദ്യാലയത്തിൽ നിന്നാണ്.

വർഷങ്ങൾക്ക് മുമ്പ് ആയഞ്ചേരി സൗത്ത് മാപ്പിള എൽ.പി സ്കൂളായി പ്രവർത്തനമാരംഭിച്ച ഒരു ഉൾനാടൻ കൊച്ചു വിദ്യാലമായാണ് ഇന്ന് തറോപ്പൊയിലിന്റെ ഹൃദയഭാഗത്ത് തലയുയർത്തി നിൽക്കുന്ന ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ.ഒന്നു മുതൽ അഞ്ച് വരെയുള്ള 5 ക്ലാസുകളും ഒരു ഷെഡിലായിരുന്നു നടത്തിനരുന്നത്. പ്രധാനധ്യാപകനായ നാറാണത്ത് മൊയ്തു മാസ്റ്ററും, നാറാണത്ത് മമ്മു മാസ്റ്റർ,കേളോത്ത് അമ്മദ് മാസ്റ്റർ എന്നിവരായിരുന്നു ആദ്യത്തെ പ്രൈമറി അധ്യാപകർ ഈ എൽ.പി സ്കൂളിന്റെ മാനേജ്മെന്റ് ശ്രീ.കൃഷ്ണ കുറുപ്പ് പിന്നീട് ജനാബ് കാര്യാട്ട് അബ്ദുറഹിമാൻ സാഹിബിന്റെയും കീഴാറ്റിൽ കുഞ്ഞബ്ദുള്ള സാഹിബിന്റെയും അക്ഷീണ പ്രയനത്തെ തുടർന്ന് ഈ കൊച്ചു വിദ്യാലയം ആയഞ്ചേരി സൗത്ത് മാപ്പിള സ്കൂളായി ഉയർത്തപ്പെട്ടു.

സ്കൂളിന് പുതിയ നിലവാരമുള്ള കെട്ടിടമുണ്ട് 1 മുതൽ 8 വരെ ക്ലാസുകളും ഉണ്ടായി.മേലെ മഠത്തിൽ ദാമോദരൻനമ്പ്യാർ മാസ്റ്റർ യു.പി. സ്കൂൾ ഹെഡ്മാസ്റ്ററായി ചാർജെടുത്തു. പി.ഗോപാലൻ മാസ്റ്റർ,യു.പി. അധ്യാപകർ.ഇടക്ക് കുറച്ചുകാലം ശ്രീ. പി.എസ്. വാര്യർ മാസ്റ്റർ ഹെഡ്മാസ്റ്ററായും ചാർജെടുത്തിരുന്നു. പ്രഗത്ഭരായ ഈ അധ്യാപക കൂട്ടായ്മയിൽ ഒരു ഹൈസ്കൂളിന്റെ കെട്ടും മട്ടും ഈ യു.പി. സ്കൂളിന് കൈവന്നിരുന്നു.ജനാബ് :കെ.ടി യൂസുഫ് മൗലവി,ശ്രീ.കെ.വി. ഗോപാലൻ മാസ്റ്റർ,ശ്രീ കുങ്കൻ മാസ്റ്റർ എന്നിവരൊഴികെ ബാക്കിയെല്ലാവരും കാലയവനികക്കുള്ളിൽ മറഞ്ഞുപോയി.സ്കൂൾ,ഹയർ സെക്കണ്ടറി സ്കൂളായി ഇന്ന് ഉയർത്തപ്പെട്ടപ്പോൾ,കെട്ടിടവിപുലീകരണ ആവശ്യാർത്ഥം ഈ വർഷം പൊളിച്ചുമാറ്റപ്പെടുന്നതുവരെ ആ സ്ഥാപനം തലയുയർത്തി നിന്നിരുന്നു.

ജ:കാര്യാട്ട് അബ്ദുറഹിമാൻ സാഹിബിന്റെ വിയോഗാനന്തരം സ്കൂൾ മാനേജ്മെന്റ് തറമൽ കുഞ്ഞമ്മദ് സാഹിബിന്റെയും കാര്യാട്ട് കുഞ്ഞമ്മദ് ഹാജിയുടെയും അധീനതയിൽ വന്നു.ഈ രണ്ടു പേരുടെയും പ്രയത്ന ഫലമായി 1668-ൽ ഈ സ്ഥാപനം ആയഞ്ചേരി റഹ്മാനിയ സ്കൂളായി ഉയർത്തപ്പെട്ടു.ജ:പി.പി. അബ്ദുറഹിമാൻ മാസ്റ്റർ പുതിയ ഹെഡ്മാസ്റ്ററായി ചാർജെടുത്തു.ഈ വർഷം തന്നെയാണ് എനിക്കും ഒരദ്ധ്യാപകനായി എന്റെ ഗുരുനാഥൻമാരോടൊപ്പം സേവനം ചെയ്യാനുള്ള ദൈവാനുഗ്രഹം ഉണ്ടായത്.2000-ൽ 32 വർഷത്തെ സേവനത്തിന് ശേഷം ഞാൻ റിട്ടയർ ചെയ്തു.എന്റെ കൂടെ റിട്ടയർ ചെയ്ത പലരും പ്രധാന ചടങ്ങുകളിൽ പങ്കെടുക്കാൻ വരാറുണ്ട്.എന്നാൽ ഞാൻ എന്നും എന്റെ ഈ വിദ്യാലയം കണ്ടുകൊണ്ടാണ് ഉണരുന്നതും ഉറങ്ങുന്നതും.

2013-ൽ ഈ വിദ്യാലയം ജ:കാര്യാട്ട് കുഞ്ഞമ്മദ് ഹാജിയുടെ നിസ്തുകല പ്രവർത്തനത്തിന്റെ ഫലമായി ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു.ഞാൻ പിച്ച വെച്ച അന്നെത്ത മനോഹര യു.പി. സ്കൂൾ കെട്ടിടം ഈ വർഷം കെട്ടിട വിപുലീകരണാർത്ഥം പൊളിച്ചുമാറ്റേണ്ടി വന്നപ്പോൾ എന്നെപ്പോലുള്ളവർക്കാണ് വേദനാജനകമാണെങ്കിലും, മനോഹരങ്ങളായ ബഹുനിലകെട്ടിടങ്ങളും വിശാലമായ ഗ്രൗണ്ടും പുതുതായി വന്നുകൊണ്ടിരിക്കുന്ന അധ്യാപകരും വിദ്യാർത്ഥിസമൂഹവും ഓരോ വർഷവും മാറി മാറി വരുന്നതിൽ എനിക്ക് ഒരു അനിർവചനീയമായ ഒരനുഭവമാക്കി തീർത്ത ദൈവത്തിന് നന്ദി. കൂടാതെ എന്നോടൊപ്പം സഹപ്രവർത്തകരായിരുന്ന പ്രഗത്ഭരായിരുന്ന ശ്രീധരൻ മാസ്റ്റർ,എയ്യാറ്റിൽ മൊയ്തു മാസ്റ്റർ,ജോർജ് മാസ്റ്റർ,എന്നിവർക്കും,മൺമറഞ്ഞുപോയ സഹപ്രവർത്തകന്മാരായിരുന്ന ഗുരുനാഥന്മാർക്കും സ്മരണാഞ്ജലി അർപ്പിക്കട്ടെ..................




സഫ ഫാത്തിമ ടി.ടി.

IX^Th^ C





# കമ്പ്യൂട്ടറും ഇന്നത്തെ ലോകവും

മനുഷ്യന്റെ കണ്ടുപിടിത്തങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാണ് കമ്പ്യൂട്ടറിന്റെ കണ്ടുപിടിത്തം.ഇന്ന് കമ്പ്യൂട്ടറിന്റെ  സ്വാധീനമല്ലാത്ത ഒരു മേഖല പോലുമില്ല.ഗണിതപ്രശ്നങ്ങൾ വേഗത്തിൽ ചെയ്ത് തീർക്കാൻ വേണ്ടി നിർമിച്ചതാണ് കമ്പ്യൂട്ടറെങ്കിലും ഇന്ന് കാലാവസ്ഥാപ്രവചനം,യന്ത്രത്തിന്റെ രൂപ കൽപന, നിർമ്മാണം, പ്രവർത്തനം ബഹിരാകാശ പേടകത്തിന്റെ നിയന്ത്രണം,കുറ്റാന്വേഷണം തുടങ്ങിയ ഒട്ടേറെ പ്രവർത്തനത്തിന് കമ്പ്യൂട്ടർ ഉപയോഗിക്കുന്നു.

ഇലക്ട്രോണിക് യാന്ത്രിക ഘടകം കൂട്ടിച്ചേർത്ത ഒരു ഉപകരണമാണ് കമ്പ്യൂട്ടർ.ഈ ഘടകത്തെ ഹാർഡ് വെയർ എന്നും കമ്പ്യൂട്ടറിനകത്ത് പ്രവർത്തിക്കാൻ വേണ്ടി നൽകുന്ന നിർദേശ പ്രോഗ്രാമിനെ സോഫ്റ്റ് വെയർ എന്നും പറയുന്നു.

ലോകം മൊത്തം സഹകരിച്ച് പ്രവർത്തിക്കുന്ന നെറ്റ് വർക്കാണ് ഇന്റർനെറ്റ്.

# ബാല്യകാലം



ഗായത്രി.ടി.വി
VIIITh -D

പാടവരമ്പിൽ പാറിനടക്കുന്ന
പക്ഷികളോടൊത്ത് ബാല്യകാലം
മാന്നിമറയുന്ന അമ്പിളിമാമനെ
തൊട്ടുണർത്താനുള്ള ബാല്യകാലം
മുത്തശ്ശിമടിയിൽ ചാഞ്ഞുറങ്ങുന്ന
കുട്ടികുറുമ്പന്റെ ബാല്യകാലം
കുട്ടികളോടൊത്ത് ഊഞ്ഞാലിലാടി
പാറിനടക്കുന്ന ബാല്യകാലം
അമ്പിളിമാമനെ കൈകൊണ്ടെടുക്കാൻ
വെമ്പൽകൊള്ളുന്നൊരു ബാല്യകാലം
മിന്നിതിളങ്ങുന്ന നക്ഷത്രക്കൂട്ടത്തെ
കണ്ടുറങ്ങാനുള്ള ബാല്യകാലം
പാടവരമ്പിൽ പാറിനടക്കുന്ന
പക്ഷികളോടൊത്ത് ബാല്യകാലം





സാന്ത്വന എസ്
IX$^{Th}$-C

# ക്ലാസ് ലൈബ്രറി

**പൊ**തുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളസർക്കാർ ആസൂത്രണം ചെയ്ത ഒരു സമഗ്രപദ്ധതിയാണ് ക്ലാസ് ലൈബ്രറി.വായന അന്യം നിന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനയെ തിരിച്ചുപിടിക്കാൻ അറിവിന്റെ നിധിയായ പുസ്തകങ്ങളെ കൂട്ടുകാരാക്കുകയാണ് നാം ചെയ്യേണ്ടത്.

“കൈയിൽ ഒരു വാളും പോക്കറ്റിൽ ഹോമറിന്റെ ഒരു ഗ്രന്ഥവുമുണ്ടെങ്കിൽ ഞാൻ എന്റെ വഴി വെട്ടിതെളിക്കും" എന്ന നെപ്പോളിയന്റെ വാക്കുകൾ വായനയുടെ ശക്തി ധ്വനിപ്പിക്കുന്നു. മനസ്സിന്റെ ശരിയായ വളർച്ചയ്ക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാത്ത ഒന്നാണ് വായനാശീലം.

ഓരോ വ്യക്തിയുടെയും സ്വഭാവരൂപവത്കരണത്തെ ഏറെ സ്വാധീനിക്കുന്നത് നല്ല വായ നയാണ്. ഉത്തമജീവിതം നയിക്കാൻ ഒരാളെ പ്രാപ്തനാക്കുന്നതും വായനതന്നെ.'പുസ്തകങ്ങളി ലൂടെ വളരാത്തവൻ വെറും മൃഗമാണ്' എന്നെഴുതിക്കൊണ്ട്, ഷേക്സ്പിയർ വായനയുടെ മാഹാ ത്മ്യമാണ് വിളിച്ചുപറയുന്നത്.കുഞ്ഞുണ്ണിമാഷ് വായനയെക്കുറിച്ച് പറയുന്നതിങ്ങനെയാണ്.

“വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചുവളരുന്നവൻ വിളയും
വായിക്കാതെ വളരുന്നവൻ വളയും”

കുഞ്ഞുണ്ണിമാഷിന്റെ ഈ വരികൾ സ്മരിച്ചുകൊണ്ട് ഞങ്ങളുടെ വിദ്യാലയത്തിലെ ഓരോ ക്ലാസ്സിലും 100 വീതം പുസ്തകങ്ങൾ ശേഖരിക്കുകയും നോക്കി നടത്തിപ്പിനായി ലൈബ്രേറിയ ന്മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ഒഴിവ് പിരിയിഡുകളിൽ എന്നും കലപില കൂടിയവർ ഇന്ന് ശാന്തരാണ്. അതിന് പ്രധാന കാരണം ക്ലാസ് ലൈബ്രറി തന്നെ. ഇപ്പോൾ ഞങ്ങൾ സമയം വെറുതെ കളയാൻ ഇഷ്ടപ്പെടു ന്നില്ല ആ സമയം ഞങ്ങൾ പുസ്തകവായനയ്ക്കായി വിനിയോഗിക്കുന്നു. ഓരോ തവണയും പുസ്ത കങ്ങൾ വായിക്കുകയും പുതിയവ ആവേശത്തോടെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇപ്പോൾ ഞങ്ങൾ വായനയുടെ വിസ്മയലോകത്താണ്. അവിടെ ഞങ്ങൾ ഞങ്ങളുടെ ഭാവി തിരയുന്നു.





Anusree
$X^{th}$ A

# I Like

I Like trees
I like flowers
they are all the
members of forest's
family.
The trees have fruits
the flowers have smell
I like tree's fruits and
flower's smell
I like vegetable
I like plants
they are all the
member of forests
family



ഫാത്തിമ പി.കെ.

VI$^{Th}$-A

# ഭംഗിയുള്ള പനിനീർ

മുറ്റത്തുണ്ടൊരു പനിനീർ
എന്റെ വീട്ടിലെ പനിനീർ
ഭംഗിയുള്ളൊരു പനിനീർ
എന്റെ വീട്ടിലെ പൂന്തോട്ടത്തിലെ
രാജാവാകും പനിനീർ.
എന്നെ കണ്ടാൽ പുഞ്ചിരിക്കും
എന്നുടെ സ്വന്തം പനിനീർ
എന്നെ ഏറെ ഇഷ്ടമുള്ള
എന്നുടെ സ്വന്തം പനിനീർ.





അപർണ ടി.വി
$X^{Th}$-B

# പത്താം ക്ലാസ് ഒരു വേദനിപ്പിക്കുന്ന സുഖം

പത്താംക്ലാസ് അത് എല്ലാവർക്കും ഒരു പേടി സ്വപ്നമാണ്. ആ പേടി പത്താംക്ലാസിന്റെ ആരംഭത്തിൽ തുടങ്ങുന്നതല്ല. എട്ടാം ക്ലാസ് മുതൽ ഉള്ളതാണ്. ജീവിതത്തിലെ നിർണായക ഘട്ടം. തുടർന്ന് എവിടെ പഠിക്കണമെന്നും ഏത് വിഷയം എടുക്കണമെന്നും പത്താംക്ലാസിലെ ഫുൾ ഏപ്ലസ് തീരുമാനിക്കും. എന്റെ ജീവിതത്തിൽ ഞാൻ എന്റെ ഏട്ടൻ പത്താംക്ലാസ് പഠിക്കുമ്പോഴെ കേൾക്കുന്നതാണ് ഫുൾ ഏപ്ലസ്. എന്നാൽ എന്റെ ഏട്ടന് വലിയ വിജയശതമാനമൊന്നും നേടാൻ കഴിഞ്ഞില്ല. എന്റെ രക്ഷിതാക്കൾക്ക് പ്രധാനമായും എന്റെ അമ്മയ്ക്ക് എന്നിലൂടെ നിറവേറ്റി കാണാൻ അതിയായ ആഗ്രഹമുണ്ട്. കണ്ണടച്ച് തുറക്കുന്നതിനുമുമ്പേ പത്താംക്ലാസിലായി. ഞാൻ വളർന്നത് ഞാൻ അറിഞ്ഞില്ലെങ്കിലും കാലം അത് തിരിച്ചറിഞ്ഞു. പുതിയ കൂട്ടുകാരെയും ടീച്ചറെയും കിട്ടി. കൂട്ടുകാർ എന്ന് പറഞ്ഞാൽ പോര ഹൃദയം എന്നുതന്നെ പറയണം. ശരീരത്തെ നിയന്ത്രിക്കുന്നത് ഹൃദയമാണെങ്കിൽ എന്റെ ഹൃദയത്തെ നിയന്ത്രിച്ചത് എന്റെ കൂട്ടുകാരായിരുന്നു. പത്താം ക്ലാസ് ജീവിതത്തിലെ നിർണായക ഘട്ടമാണെങ്കിലും ആ വഴിത്തിരിവിൽ ചില സുഖങ്ങൾ തരുന്ന നൊമ്പരങ്ങൾ എന്നും കൂട്ടിനുണ്ടാകും.





എൻ.കെ. ദിവാകരൻ മാസ്റ്റർ

# കൂട്ട്

ഇന്നലെയുറങ്ങുമ്പോൾക്കൂടെയുണ്ടവൻ
ചെവിക്കരികിൽത്തന്നെ.
പിന്നെയുണർന്നുടൻ തൊട്ടുണർത്തി ഞാൻ
മിഴിയാഴ്ത്തി ചികയുന്ന
തെളിയുന്ന പല പല കാഴ്ചകൾ.

അമ്മയുണർന്ന നേരെ അടുക്കളയിലേക്ക്
പിന്നെ പാചകം,അലക്ക്,ശുചീകരണം
അങ്ങനെയങ്ങനെ എന്തെന്ത ജോലികൾ!
അച്ഛൻ തൊഴുത്തിൽ പശുവിനടുത്തേക്ക്
പിന്നെ പറമ്പിൽ,പാടത്ത്,റേഷൻകടയിൽ
അങ്ങനെയങ്ങനെ എന്തെന്ത പാടുകൾ!

'ആപ്പുക'ളോരോന്നും കേറിയിറങ്ങി ഞാ-
'നാപ്പി'ലായിപ്പോകുമെന്നറിയാതെയായ്
കൂട്ടുകാരോടൊത്ത് അന്തിയിൽ
ഊണിലുറക്കത്തിൽ,വിശ്രമനേരത്തും
യാത്രയിൽ,ആശുപത്രിക്കിടക്കയിൽ
എത്രയിടങ്ങളിൽ-എത്രനേരങ്ങളിൽ
കൂടെയുണ്ടവൻ;പുതിയകാലത്തിന്റെ
നേർക്കാഴ്ചയാണവൻ.



# തൂലികാനാമങ്ങൾ

പറപ്പുറം - കെ.ഇ.മത്തായി

വിലാസിനി - എം.കെ.മേനോൻ

തിക്കോടിയൻ - പി.സി.കുട്ടികൃഷ്ണൻ

സഞ്ജയൻ - എം.ആർ.നായർ

അക്കിത്തം - അച്യുതൻ നമ്പൂതിരി

നന്തനാർ - പി.സി.ഗോപാലൻ

കേസരി - വേങ്ങയിൽ കുഞ്ഞിരാമൻനായർ

സുമംഗല - ലീല നമ്പൂതിരിപ്പാട്

ഏകലവ്യൻ - കെ.എം.മാത്യൂസ്

സ്വാതി കെ.എം.
IX$^{Th}$-B



അസ്ബിഹ കെ.കെ.
VI$^{Th}$-A

# ഭക്ഷണം തേടി നടന്നവർ

ഒരു ഗ്രാമത്തിൽ രണ്ട് കുട്ടികളും ഒരു അച്ഛനും അമ്മയും താമസിച്ചിരുന്നു.അവർ വളരെ പാവപ്പെട്ടവരായിരുന്നു.ഒരു ദിവസം അച്ഛനും അമ്മയും ഭക്ഷണത്തിനായി കാട്ടിലേക്ക് പോയി. അവർ കുറേ ദൂരം നടന്നപ്പോൾ ഒരു മാവ് കണ്ടു.ആ മാവിൽ നിറയെ പഴുത്ത മാങ്ങകളുണ്ടായിരുന്നു. അവർക്ക് വളരെ സന്തോഷമായി.ആ മാങ്ങകളെല്ലാം അവർ പറിച്ചെടുത്തു. അവർ വീട്ടിലേക്ക് മടങ്ങി.മാങ്ങ രണ്ട് മക്കൾക്ക് വീതിച്ച് കൊടുത്തു. അവർ മാങ്ങയും കഴിച്ചുറങ്ങി. അടുത്ത ദിവസം അവർ വീണ്ടും കാട്ടിലേക്ക് പുറപ്പെട്ടു. മാങ്ങ കണ്ട സ്ഥലത്ത് മാവ് ഉണ്ടായിരുന്നില്ല. അവർ മാവ് എവിടെപ്പോയെന്ന് ചിന്തിച്ചു. അപ്പോൾ കുറച്ചകലെ നിന്ന് ഒരു ശബ്ദം കേട്ടു.ശബ്ദം കേട്ട ഭാഗത്തേക്ക് പോയി. അവിടെ ഒരാൾ മരം വെട്ടുകയായിരുന്നു. അവർ മരം വെട്ടുകാരനോട് മരം വെട്ടരുതെന്ന് ആവശ്യപ്പെട്ടു. ആ മരംവെട്ടുകാരൻ അതു കേൾക്കാതെ മരം വെട്ടൽ തുടർന്നു. അങ്ങനെ അതു വഴി വന്ന രാജാവ് ഈ കാഴ്ച കണ്ടു. രാജാവ് അവിടേക്ക് പോയി.കാര്യം അന്വേഷിച്ചു. നടന്നതെല്ലാം രാജാവിനോട് പറഞ്ഞു. രാജാവ് ആ മരംവെട്ടുകാരനോട് മരം മുറിച്ചാൽ ഭാവിയിൽ സംഭവിക്കുന്ന ദോഷങ്ങളെ പറ്റി പറഞ്ഞു. മരംവെട്ടുകാരന് തന്റെ തെറ്റ് മനസ്സിലായി. അയാൾ മരംവെട്ട് നിർത്തി തന്റെ ഗ്രാമത്തിലേക്ക് തിരിച്ചുപോയി.



# കല്ലുമാല സമരം

സ്ത്രീ സമൂഹത്തിന്റെ പുരോഗതിക്കും അവകാശങ്ങൾക്കും വേണ്ടി അയ്യങ്കാളി യുടെ നേതൃത്വത്തിൽ നടന്ന ഒരു സമരമാണ് കല്ലുമാല സമരം.സ്വർണം,വെള്ളി എന്നിവ കൊണ്ടുണ്ടാക്കിയ ആഭരണങ്ങൾ താഴ്ന്ന ജാതിയിലെ സ്ത്രീകൾ അണിയാൻ പാടില്ല, അവർ കല്ലുമാല മാത്രമേ അണിയാവൂ എന്ന് നിർദ്ദേശിക്കപ്പെട്ടതിനെതിരെ ആയിരക്കണക്കിന് സ്ത്രീകൾ ഒത്തുകൂടുകയും 1915 ഡിസംബർ 10-ന് അയ്യങ്കാളിയുടെ നേതൃത്വത്തിൽ കല്ലുമാല പൊട്ടിച്ചെറിഞ്ഞ് സമരം ആരംഭിച്ചു.ഇതിന്റെ ഫലമായി താഴ്ന്ന വിഭാഗത്തിൽ പെട്ട സ്ത്രീകൾക്കും ആഭരണം അണിയാനുള്ള അവകാശം ലഭിച്ചു.

സമ്പാദകർ

X^Th^-A

# ഗാന്ധി വചനങ്ങൾ



**അക്രമം:-**

എത്ര ന്യായമായ കാര്യത്തിനാണെങ്കിലും അക്രമത്തിന്റെ മാർഗ്ഗം ഉപയോഗിക്കുന്നത് ശരിയല്ല.

**അധ്വാനം:-**

സ്വന്തം വിയർപ്പുകൊണ്ട് അപ്പം തേടുന്നതിനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്.

**അദ്ധ്യാപകൻ:-**

ഒരു വിദ്യാർത്ഥിക്ക് കിട്ടാവുന്ന ഏറ്റവും നല്ല പാഠപുസ്തകം അദ്ധ്യാപകനായിരിക്കണം.

**ആഗ്രഹം:-**

മനുഷ്യന്റെ ആഗ്രഹങ്ങൾ നിറവേറ്റാൻ ഭൂമിക്ക് കഴിയും. അത്യാഗ്രഹങ്ങൾ നിറവേറ്റാൻ കഴിയില്ല.

**ജീവിതലക്ഷ്യം:-**

അധ്വാനിക്കുക,കണ്ടുപിടിക്കുക,കീഴടങ്ങാതിരിക്കുക ഇതായിരിക്കട്ടെ നിങ്ങളുടെ ജീവിതലക്ഷ്യം.




Rabiya Hidhaya
VIII Th-E

# GOD YOU ARE SO GREAT

Love you so much..........
always think of you
always need your presence
always need your love
always need your care
love to see you always
you don't go away from me
mind filled with joy
you are with me
love you lot lot lot lot....



**ശിവനന്ദന. വി**
സംസ്ഥാന കലോത്സവ വിജയി ഹിന്ദി
പദ്യം A ഗ്രേഡ്



**അനുഗ്രഹ്**
റഹ്മാനിയ ഹയർസെക്കണ്ടറി സ്കൂളിൽ
നിന്നും തുടർച്ചയായി 3 വർഷം
ഹിന്ദിപ്രസംഗം ജില്ലാതലത്തിൽ എ ഗ്രേഡ്



**അശ്വതി പ്രകാശ്**
**റഹ്മാനിയ ഹയർസെക്കണ്ടറി സ്കൂളിൽ നിന്നും**
**തുടർച്ചയായി 3 വർഷം അറ്റ്ലസ് നിർമ്മാ**
**ണം, ജില്ലാതലത്തിൽ എ ഗ്രേഡ്**



# നന്ദിപൂർവ്വം..

കേരളത്തിലെ പൊതുവിദ്യാഭ്യാസം ലോകത്തിന് മാതൃകയാകുന്ന ഈ ഘട്ടത്തിൽ കുട്ടിക്കൂട്ടം നിങ്ങളിലേക്ക് സമർപ്പിക്കുന്നു.

മലയാളം കമ്പ്യൂട്ടിംഗ്, ഗ്രാഫിക് ഡിസൈനിംഗ്, വേഡ് പ്രൊസസിംഗ് , ഡിജിറ്റൽ ക്യാമറ തുടങ്ങിയ സങ്കേതങ്ങൾ ഇതിൽ പരമാവധി ഉപയോഗിച്ചിട്ടുണ്ട്. ഇതിന് പിന്തുണയും സഹായവും നൽകിയ എല്ലാവരെയും അഭിനന്ദിക്കുന്നു.

വി.പി. സുരജ
കൈറ്റ് മിസ്ട്രസ്